**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5606 — 29.07.2015-ൽ മറുപടിക്ക്.

## അതിവേഗ വനിതാ കോടതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വനിതകളുടെയും കുട്ടികളുടെയും നേർക്കുണ്ടാകുന്ന അതിക്രമങ്ങൾ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം കേസുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിന് അതിവേഗ വനിതാ കോടതികൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | : (എ) വനിതകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനായി എറണാകുളത്ത് ഒരു അഡീഷണൽ ആന്റ് ഡിസ്ട്രിക്ട് സെഷൻസ് കോടതി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തും, കോഴിക്കോട്ടും ഇത്തരത്തിലുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനായുള്ള കോടതികൾ ആരംഭിക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവർത്തനം സാധ്യമാവൂ. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി വനിതകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനായുള്ള എറണാകുളം ജില്ലയിലെ അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി ഉൾപ്പെടെ എല്ലാ ജില്ലകളിലെയും ഫസ്റ്റ് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതികളെ കുട്ടികളുടെ കോടതിയായി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ഇപ്പോൾ അതിവേഗ കോടതികൾ ഏതുതരം കേസുകളാണ് വിചാരണ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ? | : (ബി) സംസ്ഥാനത്ത് നിലവിൽ അതിവേഗ കോടതികൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. 38 അതിവേഗ കോടതികൾ ഉണ്ടായിരുന്നവയെ സ്ഥിരം കോടതികളാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കോടതികൾ എല്ലാ തരത്തിലുമുള്ള കേസുകളും വിചാരണ ചെയ്യുന്നുണ്ട്. |

Reena.V

സെക്ഷൻ ഓഫീസർ